ശ്രീ. തച്ചടി പ്രഭാകരൻ : സഹകരണ സംഘത്തിൽ കയർ കെട്ടിക്കിടക്കുന്നത് രണ്ടുകോടി രൂപയുടെയും വിതരണം ചെയ്തു കഴിഞ്ഞിരിക്കുകയാണ്.

ശ്രീ. വി. കെ. രാജൻ : ഞാൻ പറഞ്ഞു വന്നത് സാമൂഹ്യ ജലസേചന പദ്ധതിയെപ്പറ്റിയാണ്. കഴിഞ്ഞ നിയമസഭയിൽ പ്രഖ്യാപിച്ചതുപോലെ തെരഞ്ഞെടുപ്പിനുവേണ്ടിയാണല്ലോ, നിങ്ങൾക്ക് ഉത്തരവാദിത്വമില്ലല്ലോ. ഇന്ന് തെരഞ്ഞെടുപ്പ് നടത്തിയാലും ഈ ഗവൺമെൻറിന് ബാദ്ധ്യതയില്ല. കാരണം ഭരിക്കാൻ പോകുന്നത് വേറെയാളാണ്. ഈ ഗവൺമെൻറ് ഇനി കേരളത്തിൽ അധികാരത്തിൽ വരുമെന്ന് കേരളത്തിൽ ആർക്കും വിശ്വാസമില്ല.

മി. സ്പീക്കർ : ശ്രീ. രാജന് നാളെ പ്രസംഗം തുടരാം.

XI ഡെപ്യൂട്ടി സ്പീക്കറുടെ തെരഞ്ഞെടുപ്പ്

മി. സ്പീക്കർ : നിയമസഭാ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് രണ്ട് അംഗങ്ങളുടെ പേരുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി, ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ എന്നിവരാണ് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള അംഗങ്ങൾ. ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജിയെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള മൂന്നു നാമനിർദ്ദേശപത്രികകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. യു. എ. ബീരാൻ നിർദ്ദേശിക്കുകയും ശ്രീ. ജി. കാർത്തികേയൻ പിന്താങ്ങുകയും ശ്രീ. നാലകത്ത് സൂപ്പി നിർദ്ദേശിക്കുകയും ശ്രീ. യു. എ. ബീരാൻ പിന്താങ്ങുകയും ശ്രീ. കെ. കരുണാകരൻ നിർദ്ദേശിക്കുകയും ശ്രീ. ഇ. അഹമ്മദ് പിന്താങ്ങുകയും ചെയ്തവയാണ് അവ. ശ്രീമതി ഭാർഗ്ഗവി തങ്കപ്പനെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള രണ്ട് നാമനിർദ്ദേശപത്രികകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. കെ. പി. പ്രഭാകരൻ നിർദ്ദേശിക്കുകയും ശ്രീ. കെ. പി. സുരേന്ദ്രനാഥ് പിന്താങ്ങുകയും ശ്രീ. വർക്കല രാധാകൃഷ്ണൻ നിർദ്ദേശിക്കുകയും ശ്രീമതി പി. ദേവൂട്ടി പിന്താങ്ങുകയും ചെയ്തുകൊണ്ടുള്ളതാണ് ആ നാമനിർദ്ദേശപത്രിക. പരിശോധനയിൽ നാമനിർദ്ദേശ പത്രികകൾ എല്ലാം നിയമാനുസൃതമാണെന്ന് കാണുന്നു. ഒന്നിലധികം അംഗങ്ങളെ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ നിയമസഭാ വോട്ടിലൂടെ ഡെപ്യൂട്ടി സ്പീക്കറെ തെരഞ്ഞെടുക്കുന്നതാണ്. ബാലറ്റ് പേപ്പറിൽ ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജിയുടെ പേര് ഒന്നാമതും ശ്രീമതി ഭാർഗ്ഗവി തങ്കപ്പന്റെ പേര് രണ്ടാമതുമായും അച്ചടിച്ച് കാണുന്നുണ്ട്. നിയമസഭാംഗങ്ങൾക്ക് ഇഷ്ടമുള്ള സ്ഥാനാർത്ഥിയുടെ പേരിനുനേരെ ഗുണനചിഹ്നമിട്ട് വോട്ട് രേഖപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. നിയമസഭാ അംഗങ്ങളുടെ പേരുകൾ ഇപ്പോൾ വായിക്കുന്നതായിരിക്കും. ഓരോ അംഗവും തൽസമയം അദ്ധ്യക്ഷവേദിക്ക് സമീപം വന്ന് ഏതെങ്കിലും ഒരു ബൂത്തിൽ വോട്ട് രേഖപ്പെടുത്തിയതിനുശേഷം മടങ്ങിവന്ന് സ്വസ്ഥാനത്ത് ഉപവിഷ്ടരാകണമെന്ന് അഭ്യർത്ഥിക്കുന്നു. ആദ്യത്തെ പ്രാവശ്യം പേര് വിളിക്കുമ്പോൾ സഭയിൽ ഹാജരില്ലാത്ത അംഗങ്ങൾക്ക് പിന്നീട് അവസാനിച്ചതായി പ്രഖ്യാപിക്കുന്നതിനുമുൻപ് വരുന്നപക്ഷം വോട്ട് രേഖപ്പെടുത്താൻ അനുമതി നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(താഴെ പറയുന്ന അംഗങ്ങളുടെ പേര് സെക്രട്ടറി വിളിക്കുകയും അവർ വോട്ട് രേഖപ്പെടുത്തിയശേഷം സ്വസ്ഥാനത്ത് ഉപവിഷ്ടരാകുകയും ചെയ്തു.)

1 ശ്രീ കെ. കരുണാകരൻ
2 ,, കെ. അവുക്കാദർകുട്ടി നഹ
3 ,, തച്ചടി പ്രഭാകരൻ
4 ,, കെ. എം. മാണി
5 ,, പി. ജെ. ജോസഫ്
6 ശ്രീമതി എം. കമലം
7 ശ്രീ. യു. എ. ബീരാൻ
8 ,, കെ. ശിവദാസൻ
9 ഡോക്ടർ കെ. സി. ജോസഫ്
10 ശ്രീ. ഉമ്മൻചാണ്ടി
11 ,, പി. എം. അബൂബക്കർ
12 ,, കെ. ചന്ദ്രശേഖരൻ
13 ,, ബേബി ജോൺ
14 ,, എ. സി. ഷൺമുഖദാസ്
15 ,, കെ. പി. പ്രഭാകരൻ
16 ശ്രീമതി കെ. ആർ. ഗൗരി
17 ശ്രീ. ഇ. കെ. നായനാർ
18 ,, സി. എം. സുന്ദരം
19 ,, എൻ. സുന്ദരൻ നാടാർ
20 ,, ഇ. അഹമ്മദ്
21 ,, ടി. എം. ജേക്കബ്
22 ,, കെ. പി. നൂറുദ്ദീൻ
23 ,, രമേശ് ചെന്നിത്തല
24 ,, പി. കെ. വേലായുധൻ
25 ,, ആർ. ബാലകൃഷ്ണപിള്ള
26 ,, ടി. എസ്. ജോൺ
27 ,, എം. എം. ഹസ്സൻ
28 ,, കെ. ജെ. ജോർജ്
29 ,, കെ. പങ്കജാക്ഷൻ
30 ,, ആർ. എസ്. ഉണ്ണി
31 ,, ടി. പി. പീതാംബരൻ മാസ്റ്റർ
32 ,, കെ. കെ. ബാലകൃഷ്ണൻ
33 ,, കാനം രാജേന്ദ്രൻ
34 ,, കെ. വി. സുരേന്ദ്രനാഥ്
35 ,, സി. ടി. കൃഷ്ണൻ
36 ,, വി. എസ്. ചന്ദ്രശേഖരൻ പിള്ള
37 ,, എൻ. ചന്ദ്രശേഖര കുറുപ്പ്
38 ,, കെ. മൂസ്സക്കുട്ടി
39 ,, കെ. കെ. ശ്രീനിവാസൻ
40 ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
41 ശ്രീ. തോപ്പിൽ രവി
42 ,, സി. വി. പത്മരാജൻ
43 ,, തെന്നല ജി. ബാല കൃഷ്ണപിള്ള
44 ,, എം. പി. ഗംഗാധരൻ
45 ,, എ. സി. ജോസ്
46 ,, കെ. സി. ജോസഫ്
47 ,, മണിമംഗലത്തു കുട്ട്യാലി
48 ,, പി. സീതിഹാജി
49 ,, കെ. പി. എ. മജീദ്
50 ,, എം. വി. മാണി
51 ,, പി. സി. ജോർജ്
52 ,, കെ. ജി. ആർ. കർത്താ
53 ,, എസ്. ആർ. തങ്കരാജ്
54 ,, വി. സി. കബീർ
55 ,, കെ. ആർ. ചന്ദ്രമോഹനൻ
56 ഡോക്ടർ എ. സുബ്ബറാവു
57 ശ്രീ. കെ. ഇ. ഇസ്മയിൽ
58 ,, വി. കേശവൻ
59 ,, എസ്. ഗോവിന്ദക്കുറുപ്പ്
60 ,, സി. കെ ചക്രപാണി
61 ,, കെ. പി. അരവിന്ദാക്ഷൻ
62 ,, ടി. കെ. അബ്ദുമുഖൻ
63 ,, ടി. കെ. അബ്ദു
64 ,, കോടിയേരി ബാല കൃഷ്ണൻ
65 ,, ടി. കെ. ഹംസ
66 ,, എം. ജിനദേവൻ
67 ,, വർക്കല രാധാകൃഷ്ണൻ
68 ,, കെ. മുഹമ്മദാലി
69 ,, കെ. എസ്. നാരായണൻ നമ്പൂതിരി
70 ,, ബെന്നി ബഹനാൻ
71 ,, കെ. രാഘവൻ മാസ്റ്റർ
72 ,, സ്റ്റീഫൻ പാദുവ
73 ,, രാഘവൻ പൊഴക്കടവിൽ
74 ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
75 ,, കെ. എം. ഹംസക്കുഞ്ഞ്
76 ,, പി. കെ. കുഞ്ഞാലിക്കുട്ടി
77 ,, എ. വി. അബ്ദുറഹിമാൻ ഹാജി
78 ,, വി. വി. ജോസഫ്
79 ,, എ. ജോർജ്

LIBRARY ARCHIVES Kerala Legislative Assembly

80 ശ്രീ. ഇ. ജെ. ലൂക്കോസ്
81 ,, കെ. പി. രാമചന്ദ്രൻ നായർ
82 ,, കോട്ടക്കുഴി സുകുമാരൻ
83 ,, തേറമ്പിൽ രാമകൃഷ്ണൻ
84 ,, എൻ. ശ്രീനിവാസൻ
85 ,, പി. വിജയരാജൻ
86 ,, എ. വി. താമരാക്ഷൻ
87 ,, കെ. ശങ്കരനാരായണപിള്ള
88 ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി
89 ശ്രീ. സിറിയക് ജോൺ
90 ,, പി. കുമാരൻ
91 ,, കെ. ടി. കുമാരൻ
92 ,, എം. കെ. കേശവൻ
93 ,, കെ. ടി. കണാരൻ
94 ,, സി. വാസുദേവ മേനോൻ
95 ,, ജി. വരദൻ
96 ,, പി. സി. തോമസ് (കടുത്തുരുത്തി)
97 ,, വി. ജെ. തങ്കപ്പൻ
98 ,, സി. കെ. തങ്കപ്പൻ
99 ,, കെ. പുരുഷോത്തമൻ
100 ,, ഇ. പത്മനാഭൻ
101 ,, എ. കെ. പത്മനാഭൻ
102 ,, സി. പി. മൂസ്സാൻ കുട്ടി
103 ,, പി. വി. കുഞ്ഞി ക്കണ്ണൻ
104 ,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
105 ശ്രീമതി പി. ദേവകുട്ടി
106 ശ്രീ. പന്തളം സുധാകരൻ
107 ,, പി. പി. തങ്കച്ചൻ
108 ,, കെ. കെ. തോമസ്
109 ,, സി. ടി. അഹമ്മദ് അലി
110 ,, പി. കെ. കെ. ബാവ
111 ,, എം. പി. എം. ഇസ്മ്ഹാക്ക് കുരിക്കൾ
112 ,, പി. വി. മുഹമ്മദ്
113 ,, ഇ. ടി. മുഹമ്മദ് ബഷീർ
114 ,, നാലകത്തു സൂപ്പി
115 ,, കെ. പി. രാമൻ
116 ,, വി. സുരേന്ദ്രൻ പിള്ള
117 ,, സി. എഫ്. തോമസ്
118 ,, എസ്. രാമചന്ദ്രൻ പിള്ള
119 ,, ജോസ് കുറ്റിയാനി
120 ,, കെ. കെ. നായർ
121 ,, വി. ദിനകരൻ
122 ,, സി. ജി. ജനാർദ്ദനൻ
123 ,, എൻ. ശക്തൻനാടാർ
124 ,, പി. ഭാസ്കരൻ
125 ,, ലോനപ്പൻ നമ്പാടൻ
126 ,, എം. വി. രാഘവൻ
127 ,, കെ. കൃഷ്ണൻകുട്ടി
128 ,, പി. വിജയഭാസ്
129 ,, എ. കെ. ശശീന്ദ്രൻ
130 ,, വി. കെ. രാജൻ
131 ,, ജി. കാർത്തികേയൻ

മി. സ്പീക്കർ : ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പിന്റെ ഫലം ഞാൻ പ്രഖ്യാപിക്കുവാൻ പോകുകയാണ്.

ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജിക്ക് 73 വോട്ടും ശ്രീമതി ഭാർഗ്ഗവി തങ്കപ്പന് 58 വോട്ടും കിട്ടിയിട്ടുണ്ട്.

ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജിയെ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുത്തതായി പ്രഖ്യാപിക്കുന്നു.

ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജിയെ ഞാൻ ഹാർദ്ദമായി അനുമോദിക്കുന്നു. ഡെപ്യൂട്ടി സ്പീക്കർ എന്ന നിലയിൽ അദ്ദേഹത്തിൽ അർപ്പിതമായിട്ടുള്ള ഭാരിച്ച ചുമതലകളും അദ്ദേഹം നിഷ്പക്ഷമായി കൈകാര്യം ചെയ്യുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഡെപ്യൂട്ടി സ്പീക്കർക്ക് നിശ്ചയിച്ചിട്ടുള്ള സീറ്റിലേക്ക് അദ്ദേഹത്തെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി ഡെപ്യൂട്ടി സ്പീക്കറുടെ സീറ്റിൽ ഉപവിഷ്ടനായി.)

സെക്രട്ടറി : 1986-ലെ കേരള നിയമസഭാ സാമാജികർ കൂറുമാറ്റ നിയമത്തിന്റെ അടിസ്ഥാനത്തിൽ അയോഗ്യത കൽപ്പിക്കൽ ചട്ടം ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 ഒക്ടോബർ 21-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.18-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly